"ഭരണഭാഷ-മാതൃഭാഷ"

## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അഴീക്കോട് ഗ്രാമപഞ്ചായത്ത് - 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11, 3.13 സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.752/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 23/03/2013

പരാമർശം:- 1) 27/09/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-26560/12 നമ്പർ കത്ത്.

2) 07/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ് 23724/പി.റ്റി3/2012 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11-ൽ സഹവാസ ക്യാമ്പിനായി ചെലവഴിച്ച 32,700/- രൂപയും ഖണ്ഡിക 3-13-ൽ GFLP സ്കൂളിന് ഉച്ചക്കഞ്ഞി വിതരണം നടത്തിയ വകയിൽ ചെലവഴിച്ച 1,03,097/- രൂപയും സർക്കാർ മാനദണ്ഡം ലംഘിച്ചുള്ള ചെലവായതിനാൽ ഓഡിറ്റ് നിരാകരിക്കുകയും സർക്കാർ സാധൂകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ 2006-07 വർഷത്തിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രൊജക്റ്റിന്റെ ഭാഗമായി സഹവാസ ക്യാമ്പിന് 32,700/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന 17/03/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 63/2011 (2) നമ്പർ തീരുമാനവും 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ജി.എഫ്.എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഉച്ചക്കഞ്ഞി വിതരണത്തിനായി ചെലവഴിച്ച 1,03,097/- രൂപയുടെ വിനിയോഗത്തിൽ ക്രമക്കേടൊന്നും ഇല്ലാത്തതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ 10/05/2012-ലെ 65/2012 (1) നമ്പർ തീരുമാനവും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടേയുമടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11-ൽ തടസ്സപ്പെടുത്തിയ 32,700/- രൂപ (മുപ്പത്തിരണ്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) യും ഖണ്ഡിക 3-13-ൽ തടസ്സപ്പെടുത്തിയ 1,03,097/- രൂപ (ഒരു ലക്ഷത്തി മൂവായിരത്തി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, അഴീക്കോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ